# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 374 | 27.02.2017 — ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ് എം. തോമസ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;<br><br>(ബി) റേഷൻ കടകളിൽ നിലവിൽ ഏതെല്ലാം വിഭാഗങ്ങൾക്ക് എന്തെല്ലാം മാനദണ്ഡങ്ങളനുസരിച്ചാണ് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും<br><br>മുൻഗണന/മുൻഗണന ഇതര കുടുംബങ്ങളുടെ കരട് പട്ടിക പ്രസിദ്ധീകരണത്തിനായി തയ്യാറാക്കുകയും അതിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ കരട് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു.<br><br>ഏപ്രിൽ മാസം സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മാർച്ച് 15 മുതൽ കൊല്ലം ജില്ലയിലും മാർച്ച് 25 മുതൽ ബാക്കിയുള്ള ജില്ലകളിലും റേഷൻ കാർഡ് വിതരണം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്തവിതരണ ശാലകൾക്ക് പകരമായി 75 താലൂക്ക് ഡിപ്പോകൾ സർക്കാരിന്റെ അധീനതയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനായി മാനന്തവാടി, ഇരിട്ടി എന്നീ താലൂക്കുകൾ ഒഴിച്ചുള്ള എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയുണ്ടായി. വാതിൽപ്പടി വിതരണത്തിനുള്ള ട്രാൻസ്പോർട്ടിംഗ് ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള ഇ-ടെൻഡർ സപ്ലൈകോ നടത്തുകയുണ്ടായി. ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മാർച്ച് 1 മുതൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ആഫീസർമാരായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്മാരെ നിയമിക്കുകയും സംസ്ഥാന ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് സംസ്ഥാന ഫുഡ് കമ്മീഷന്റെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. |

റേഷൻ കടകൾ വഴിയുള്ള റേഷൻ സാധനങ്ങളുടെ വിതരണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഒരോ വിഭാഗങ്ങൾക്കുമുള്ള വിതരണക്രമം | | | |
|---|---|---|---|---|
| | എ.എ.വൈ | എ.എ.വൈ ഒഴികെയുള്ള മുൻഗണനാ വിഭാഗം **(priority)** | മുൻഗണനേതര വിഭാഗം (സബ്സിഡി) **NP(S)** | മുൻഗണനേതര വിഭാഗം (നോൺ സബ്സിഡി) **NP(NS)** |
| അരി | 28 കി.ഗ്രാം (ഒരു കാർഡിന്) സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 4 കി.ഗ്രാം വീതം സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം കി.ഗ്രാമിന് 2/- രൂപ നിരക്കിൽ | അരിയും ഗോതമ്പുമുൾപ്പെടെ 6 കി.ഗ്രാം (ഒരു കാർഡിന് അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും |
| ഗോതമ്പ് | 7 കി.ഗ്രാം (ഒരു കാർഡിന്) സൗജന്യമായി | കാർഡിലെ ഓരോ അംഗത്തിനും 1 കി.ഗ്രാം വീതം സൗജന്യമായി | ഇല്ല | |
| പഞ്ചസാര | ഒരംഗത്തിന് 250 ഗ്രാം വീതം കി.ഗ്രാമിന് 13.50 രൂപ നിരക്കിൽ | | ഇല്ല | ഇല്ല |
| മണ്ണെണ്ണ | വൈദ്യുതീകരിച്ച വീട്ടിലെ കാർഡിന് 1/2 ലിറ്ററും വൈദ്യുതീകരിക്കാത്ത വീട്ടിലെ കാർഡിന് 4 ലിറ്ററും ലിറ്ററിന് 21/- രൂപ നിരക്കിൽ | | | |

| | | |
|---|---|---|
| സി) | മുൻഗണനാ വിഭാഗ (സി) ത്തിൽ നിന്നൊഴിവാക്കപ്പെടുന്നവർക്ക് റേഷൻ സാധനങ്ങൾ എങ്ങനെ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ആകെ ലഭ്യമായ 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങളിൽ മുൻഗണനാ വിഭാഗത്തിന് വേണ്ടി വരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾക്കുപരിയായി ടൈഡ് ഓവർ വിഹിതമായി ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന 4 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകി വരുകയാണ്. മുൻഗണനേതര വിഭാഗത്തിൽ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തി ഒരാൾക്ക് 2 കി.ഗ്രാം എന്ന ക്രമത്തിൽ കി.ഗ്രാമിന് 2/- രൂപ നിരക്കിൽ അരി നൽകി വരുന്നു. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ബാക്കിയുള്ളവർക്ക് കാർഡിന് 6 കി.ഗ്രാം ഭക്ഷ്യ ധാന്യം അരി കി.ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി.ഗ്രാമിന് 6.70 രൂപ നിരക്കിലും നിലവിൽ നൽകി വരുന്നു. |

*സെക്ഷൻ ഓഫീസർ*